സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ക്രമം

(സാന്നിദ്ധ്യം : എസ് ബിന്ദു)

സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ വഴിപാട് റേറ്റ് വർദ്ധിപ്പിച്ച് പ്രാബല്യ തീയതി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**R.O.C. No.9052/22/NS** നന്തൻകോട്, 15/03/2025

പരാമർശം :

1. ദേവസ്വം കമ്മീഷണറുടെ 16/09/2022 ലെ R.O.C.No.34/22/NS 2 നമ്പർ റിപ്പോർട്ട്
2. 12/12/2022 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3. ദേവസ്വം കമ്മീഷണറുടെ 25/01/2024 ലെ R.O.C.No.34/22/NS 2 നമ്പർ റിപ്പോർട്ട്
4. 15/07/2024 ലെ മേൽ നമ്പർ ഉത്തരവ്.
5. കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ 21/11/2024 ൽ ഫയൽ ചെയ്ത അഭിപ്രായം
6. സ്റ്റാന്റിംഗ് കൗൺസിലിന്റെ 10/03/2025 ലെ 05/Mar./2025 നമ്പർ കത്ത്

15/3/25

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിൽ 01/04/2016-ലെ R.O.C.No.10416/12/Suit/NS ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച വഴിപാട് നിരക്കുകളാണ് ഇപ്പോഴും തുടർന്ന് വരുന്നതെന്നും പൊതു വിപണിയിൽ വഴിപാടിനാവശ്യമായ സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതാണെന്ന വസ്തുതകൾ കണക്കിലെടുത്ത് ദേവസ്വങ്ങളിലെ വഴിപാടുകളുടെ നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടത് അനിവാര്യമായ കാര്യമാണെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം (1) റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്തും നിലവിലുള്ള വഴിപാട് നിരക്ക് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബോർഡ് വിലയിരുത്തി.

വഴിപാട് നിരക്ക് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം കമ്മീഷണർ ചെയർമാനായും ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ, നാല് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ) എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ നിയോഗിച്ചും പ്രസ്തുത കമ്മിറ്റി, 4 മാസത്തിനകം വഴിപാട് നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് നിർദേശിച്ചും ഉത്തരവ് നൽകി. (പരാമർശം 2)

പ്രസ്തുത ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മറ്റി യോഗം ചേർന്ന് വഴിപാട് റേറ്റ് വർദ്ധനവ് സംബന്ധിച്ച് ചർച്ചകൾ നടത്തി പുതുതായി ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. (പരാമർശം 3)

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വഴിപാട് നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് ടി കമ്മറ്റിയുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് എല്ലാ വഴിപാടുകൾക്കും വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചും ആയത് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ പെറ്റിഷൻ ഫയൽ ചെയ്ത് ബഹു.ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് ലാ ആഫീസിനെ ചുമതലപ്പെടുത്തിയും ഉത്തരവ് നൽകി. (പരാമർശം 4)

തുടർന്ന് ബഹു.ഓംബുഡ്സ്മാൻ കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗത്തിന്റെ അഭിപ്രായം ആരായുകയും ആഡിറ്റ് വിഭാഗം അവരുടെ റിമാർക്സ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി

റിമാർക്സിൽ നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊപ്പോസ് ചെയ്തിട്ടുളള വഴിപാട് നിരക്കിലെ വർദ്ധനവ് അംഗീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. (പരാമർശം 5)

ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.ഓംബുഡ്സ്മാൻ ബഹു.ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി പുതുക്കിയ വഴിപാട് നിരക്കുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളതാണെന്ന് വിവരിച്ച് സ്റ്റാന്റിംഗ് കൗൺസിലിന്റെ കത്ത് ലഭിച്ചു. (പരാമർശം 6)

സ്റ്റാന്റിംഗ് കൗൺസിലിന്റെ കത്ത് ബോർഡ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ പുതുക്കിയ വഴിപാട് നിരക്കിന്റെ പ്രാബല്യതീയതി **2025 മാർച്ച് 20-ാം** തീയതി ആയി നിശ്ചയിച്ച് ഉത്തരവാകുന്നു.

പുതുക്കിയ വഴിപാട് ഏകീകരണ പുസ്തകത്തിന്റെ പ്രിന്റിംഗും വഴിപാട് നിരക്കുകളുടെ ടിക്കറ്റ് പ്രിന്റിംഗും സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടർ ഉടൻ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

പുതുക്കിയ ടിക്കറ്റ് പ്രിന്റ് ചെയ്ത് ലഭ്യമാകുന്നതു വരെ നിലവിലെ രസീതുകളിൽ പുതുക്കിയ നിരക്കുകൾക്ക് തത്തുല്ല്യമായ തുക സീൽ ചെയ്ത് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
5. ലാ ആഫീസർ
6. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
9. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഫിനാൻസ് ഇൻസ്പെക്ഷൻ
11. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹൈക്കോർട്ട് ആഡിറ്റ്
12. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13. എല്ലാ ആഡിറ്റ് ആഫീസർമാർക്കും
14. ലെയ്സൺ ആഫീസർ
15. വിജിലൻസ് ആഫീസ്, മാവേലിക്കര/വൈക്കം
16. PS to Hon'ble President
17. PS to Hon'ble Member
18. ഐ.റ്റി. സെക്ഷൻ
19. മിനിട്സ് സെക്ഷൻ
20. ഫയൽ ബുക്ക്
21. സെക്ഷൻ ഫയൽ
22. ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി